# 4(1)ബി(i) കാര്യാലയത്തിന്റെ വിശദാംശങ്ങളും, പ്രവർത്തനങ്ങളും ചുമതലകളും

## ജലസേചനവും ഭരണവും ചീഫ്എഞ്ചിനീയറുടെ കാര്യാലയം തിരുവനന്തപുരം

ജലസേചന വകുപ്പിന്റെആസ്ഥാനമായ ഇറിഗേഷൻ& അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയം തിരുവനന്തപുരം പബ്ലിക് ഓഫിസ് കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്നു.വകുപ്പിന്റെ പൊതു ഭരണത്തിനു പുറമേ, സംസ്ഥാനത്തുടനീളമുള്ള മൈനർ,മേജർ ജലസേചന പ്രവർത്തനങ്ങൾ, അന്തർസംസ്ഥാന ജലം പങ്കിടൽ, Salt Water Extrusion, വെള്ളപ്പൊക്ക നിയന്ത്രണം, തീരമേഖല സംരക്ഷണം, എന്നിവ കൈകാര്യം ചെയ്യുന്നു. വർക്സ്, അഡ്മിനിസ്ട്രേഷൻ, വിജിലൻസ്, അന്തർസംസ്ഥാന ജലവിതരണം എന്നീ വിഭാഗങ്ങളിലായി 4 ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും, വർക്സ്, പ്ളാനിംഗ്&ഐ.റ്റി സെൽ അന്തർസംസ്ഥാന ജല വിതരണം എന്നീ വിഭാഗങ്ങളിലായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും. ഇറിഗേഷൻ മോണിറ്ററിംഗ് വിഭാഗത്തിൽ ഒരു ജോയിൻറ് ഡയറക്ടറും ചീഫ്എൻഞ്ചിനീയറെ സഹായിക്കുന്നു. കൂടാതെ നിയമപരവും സാമ്പത്തികവും,ഭരണപരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലോ ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരും ചീഫ് എഞ്ചിനീയറെ സഹായിക്കുന്നു..

മേജർ, മൈനർ ജലസേചന പ്രവർത്തനങ്ങൾക്കായി, ഈ കാര്യാലയത്തിനു കീഴിൽ ഇറിഗേഷൻ സൌത്ത് സർക്കിൾ തിരുവനന്തപുരം, , ഇറിഗേഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ, ഇറിഗേഷൻ നോർത്ത് സർക്കിൾ കോഴിക്കോട്, മൈനർ ഇറിഗേഷൻ സർക്കിൾ തിരുവനന്തപുരം, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ എറണാകുളം, മൈനർ ഇറിഗേഷൻ നോർത്ത് സർക്കിൾ കോഴിക്കോട് എന്നീ 6 സർക്കിൾ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു.

## ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ പുഴകളുടെ കരസംരക്ഷണം, ജലസംരക്ഷണ പ്രവർത്തികളുടെയും കടലാക്രമണ പ്രതിരോധ പ്രവർത്തികളുടെയും മേൽനോട്ടം വഹിക്കുന്ന ജലസേചനവകുപ്പിലെ ഒരു വിഭാഗമാണ് ഇറിഗേഷൻ സൗത്ത് സർക്കിൾ കാര്യാലയം. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അധികാര പരിധിക്കു മുകളിൽ സാങ്കേതിക അനുമതി നൽകേണ്ട എല്ലാ പ്രവർത്തികളുടെയും ദർഘാസ് ക്ഷണിക്കുന്നതും കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതും ഈ കാര്യാലയത്തിൽ നിന്നുമാണ്. തിരുവനന്തപുരംഇറിഗേഷൻ സൗത്ത് സർക്കിൾ തലവനായി സൂപ്രണ്ടിംഗ് എഞ്ചിനിയർ ഡിവിഷനുകളിൽ തലവന്മാരായി എക്സിക്യൂട്ടീവ് എഞ്ചിനിയർമാരും സബ്ഡിവിഷനുകളിൽ

തലവന്മാരായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരും സെക്ഷനുകളിലെ തലവന്മാരായി അസിസ്റ്റന്റ് എഞ്ചിനിയർമാരും മേൽനോട്ടം വഹിച്ചു വരുന്നു.

## എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം , ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അധികാരപരിധിയിൽ വരുന്ന നദികളുടെയും തോടുകളുടേയും സംരക്ഷണം , കടലാക്രമണം തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ (ടെട്രാപോഡ് കടൽഭിത്തി നിർമ്മാണം ,ജിയോ ബാഗ് എന്നിവയുടെ നിർമാണം) കൃഷിക്കാവശ്യമായ ജലം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (തടയണ, റെഗുലേറ്റർ, (VCB) പുഴയുടെ സുഗമമായ ഒഴുക്ക് തടസ്സപ്പെടാതിരിക്കാനും വെള്ളപ്പൊക്കം ഒഴിവാക്കാനും പുഴയിൽ അടിഞ്ഞു കൂടിയ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവർത്തികൾ, കോൺട്രാക്ടർമാരുടെ ലൈസൻസ് അനുവദിക്കൽ/റദ്ദ ചെയ്യൽ തുടങ്ങിയവ. ഈ ഡിവിഷനു കീഴിൽ 3 സബ്ഡിവിഷനുകളും 9 സെക്ഷനുകളുമാണ് പ്രവർത്തിച്ചു വരുന്നത്.

## ഇറിഗേഷൻ സൗത്ത് സബ് ഡിവിഷൻതിരുവനന്തപുരം

ഈ സബ് ഡിവിഷന്റെ പരിധിയിൽ കരമനയാർ ,കിള്ളിയാർ,നെയ്യാർ എന്നീ നദികളുടെ സംരക്ഷണം തെക്കേ കൊല്ലങ്കോട് മുതൽ പൂന്തുറ പൊഴി വരെയുള്ള തീരദേശ സംരക്ഷണവും, കടലാക്രമണം തയടുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ,ടെട്രാപ്പോഡ് കടൽഭിത്തി നിർമ്മാണം, ജിയോബാഗ് എന്നിവയുടെ നിർമ്മാണം ,കൃഷിക്കാവശ്യമായ ജലം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (തടയണ ,റെഗുലേറ്റർ ,VCB) പുഴയുടെ സുഗമമായ ഒഴുക്ക് തടസ്സപ്പെടാതിരിക്കാനും വെള്ളപ്പൊക്കം ഒഴിവാക്കാനും പുഴയിൽ അടിഞ്ഞ്കൂടിയ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ തുടങ്ങിയവ .ഈ സബ് ഡിവിഷനുകീഴിൽ രണ്ട് സെക്ഷൻ ഓഫീസുകളാണ് പ്രവർത്തിച്ചുവരുന്നത് .

## ഇറിഗേഷൻ നോർത്ത് സബ് ഡിവിഷൻതിരുവനന്തപുരം ,

തിരുവനന്തപുരം ജില്ലയിലെ ഇറിഗേഷൻ നോർത്ത് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന നദികളുടേയും തോടുകളുടേയും സംരക്ഷണം. കടലാക്രമണം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളായ കടൽ ഭിത്തി, ജിയോബാഗ് എന്നിവയുടെ നിർമ്മാണം, കൃഷിയ്ക്കാവശ്യമായ ജലം ശേഖരിക്കുക, വെള്ളപ്പൊക്കം ഒഴിവാക്കുന്നതിന് പുഴയിൽ അടിഞ്ഞു കൂടുന്ന ചെളിയും മണലും നീക്കം ചെയ്യുക, പൊഴി മുറിക്കുക, കോൺട്രാക്ടർമാർക്ക്ഡി ക്ലാസ് ലൈസൻസ് അനുവദിക്കുക. കൃഷിക്കാവശ്യമായ ജലം ശേഖരിക്കുക, വള്ളങ്ങളുടെ ലൈസൻസ് അനുവദിക്കുക എന്നിവയോടൊപ്പം ഈ കാര്യാലയത്തിനു കീഴിലുള്ള മൂന്ന് ഉപകാര്യാലയങ്ങൾക്ക് മേൽ പറഞ്ഞ പ്രവർത്തികൾക്ക് നിർദ്ദേശം നൽകുക.

## എൻ.ഐ.പി ചാനൽ സബ് ഡിവിഷൻ നെയ്യാറ്റിൻകര

ഇറിഗേഷൻ ഡിവിഷൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ വരുന്ന ഈ കാര്യാലയത്തിൽ നെയ്യാർ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ചെയ്തു വരുന്നത്.നെയ്യാർ ഡാമിന് കീഴിലുള്ള 15380 ഹെക്ടർ ഏരിയായിൽ ജലസേചനം നടത്തുന്നതിന് ആവശ്യമായ പ്രവൃത്തികളുടെ മേൽ നോട്ടമാണ് ഈ കാര്യാലയം നിർവ്വഹിക്കുന്നത് .33.32 കി മീറ്റർ വലതുകര കനാലും, 34.35 കിമീ ഇടതുകര കനാലും, നിരവധി ബ്രാഞ്ച് കനാലുകളും , സബ് കനാലുകളും, ഫീൽഡ് ബൂത്തികളും നെയ്യാർ ഇറിഗേഷൻ പ്രോജക്ടിൽ ഉൾപ്പെടുന്ന നെയ്യാർഡാമിന്റെയും അനുബന്ധ കനാലുകളുടേയും അറ്റകുറ്റപ്പണികളും കനാലിലൂടെ സുഗമമായ ജലവിതരണം സാധ്യമാക്കാൻ ഉതകുന്ന മറ്റ് പ്രവൃത്തികളും ഈ കാര്യാലയത്തിനു കീഴിൽ നിർവ്വഹിക്കുന്നു. ചാനൽ സെക്ഷൻ പള്ളിച്ചൽ, നെയ്യാർ ഡാം സെക്ഷൻ, ചാനൽ സെക്ഷൻ നെയ്യാറ്റിൻകര, ചാനൽ സെക്ഷൻ പാറശ്ശാല, എന്നീ 4 സെക്ഷൻ ഓഫീസുകളും ഈ കാര്യാലയത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്നു.

വാമനപുരം ഇറിഗേഷൻ പ്രോജക്ട് നിർത്തലാക്കിയപ്പോൾ, ടി പദ്ധതിയുമായി ബന്ധപ്പെട്ട ക്വാർട്ടേഴ്സുകളും, ആസ്തികളും മറ്റ് ഓഫീസ് രേഖകളും പരിപാലിക്കുന്നതിനുവേണ്ടി വാമനപുരം ഇറിഗേഷൻ പ്രോജക്ട് സെക്ഷൻ കാര്യാലയത്തെ ഈ കാര്യാലയവുമായി ബന്ധിപ്പിച്ചിട്ടുണ്ട് ടി സെക്ഷന്റെ ചുമതല ഈ കാര്യാലയത്തിനു കീഴിലുള്ള നെയ്യാർ ഡാം സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്.

## എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇറിഗേഷൻ ഡിവിഷൻ, കൊല്ലം

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം ഇറിഗേഷൻ വിഭാഗം, കൊല്ലം

ഈ കാര്യാലയത്തിന്റെ കീഴിൽ 3 സബ് ഡിവിഷനുകളും, 5 സെക്ഷനുകളും ഉൾപ്പെടുന്നു.

(എ) ഇറിഗേഷൻ സബ് ഡിവിഷൻ, കൊല്ലം
(ബി)ഇറിഗേഷൻ സബ് ഡിവിഷൻ,ചവറ
(സി) ഇറിഗേഷൻ സബ് ഡിവിഷൻ,കൊല്ലം
(ഡി) ഇറിഗേഷൻ സബ് ഡിവിഷൻ,കൊട്ടിയം
(ഇ)ഇറിഗേഷൻ സബ് ഡിവിഷൻ,കൊട്ടാരക്കര
(എഫ്)ഇറിഗേഷൻ സബ് ഡിവിഷൻ,ചവറ
(ജി)ഇറിഗേഷൻ സബ് ഡിവിഷൻ, ശാസ്താംകോട്ട
(എച്ച്)ഇറിഗേഷൻ സബ് ഡിവിഷൻ,കരുനാഗപ്പള്ളി
(ഐ)ഇറിഗേഷൻ സബ് ഡിവിഷൻ,പത്തനംതിട്ട
(ജെ)ഇറിഗേഷൻ സബ് ഡിവിഷൻ,തിരുവല്ല
(കെ)ഇറിഗേഷൻ സബ് ഡിവിഷൻ,റാന്നി

(എൽ)ഇറിഗേഷൻ സബ് ഡിവിഷൻ

**<u>എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇറിഗേഷൻ ഡിവിഷൻ, ആലപ്പുഴ</u>**

ആലപ്പുഴ, ജില്ലയിലെ പുഴകളുടെ കരസംരക്ഷണ/ ജലസംരക്ഷണ പ്രവൃത്തികളുടെയും കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെയും മേൽനോട്ടം വഹിക്കുന്ന ജലസേചന വകുപ്പിലെ ഒരു വിഭാഗമാണ് ഇറിഗേഷൻ ഡിവിഷൻ, ആലപ്പുഴ കാര്യാലയം അസിസറ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാരപരിധിക്കു മുകളിൽ സാങ്കേതിക അനുമതി നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും ദർഘാസ് ക്ഷണിക്കുന്നതും കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതും ഈ കാര്യാലയത്തിൽ നിന്നുമാണ്.

ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ തലവനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ സബ്ഡിവിഷനുകളിൽ തലവന്മാരായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സെക്ഷനുകളിലെ തലവന്മാരായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സബ് ഡിവിഷനുകളിൽ തലവന്മാരായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സെക്ഷനുകളിലെ തലവന്മാരായി അസിസ്റ്റന്റ് എഞ്ചിനീയർമാരും മേൽനോട്ടം വഹിച്ചു വരുന്നു.

**<u>ഇറിഗേഷൻ ഡിവിഷൻ, കോട്ടയം.</u>**

കോട്ടയം ജില്ലയിൽ കോട്ടയം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പുഴകളുടെ സംരക്ഷണം, സംരക്ഷണ ഭിത്തി നിർമ്മാണം, പുഴയുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടാതെയും നദിയുടെ ഇപ്പോഴത്തെ വീതി കുറയാതെയും വെള്ളപ്പൊക്കം ഒഴിവാക്കാനും, നദിയിൽ അടിഞ്ഞു കൂടിയ എക്കലും മണലും നീക്കം ചെയ്യുന്ന പ്രവൃത്തികളിൽ ഏർപ്പെടുക, കോൺട്രാക്ടർമാരുടെ ലൈസൻസ് രജിസ്റ്റർ ചെയ്യുക, പുതുക്കുക, റദ്ദ് ചെയ്യുക എന്നീ പ്രവർത്തനങ്ങൾ ഈ കാര്യാലയത്തിന് കീഴിൽ നടന്നുവരുന്നു.ഈകാര്യാലയത്തിന്കീഴിൽമൂന്ന്സബ്ഡിവിഷനുകൾപ്രവർത്തിച്ചുവരുന്നു.
ഓരോ സബ് ഡിവിഷനിലും മൂന്ന് വീതം സെക്ഷനുകളുണ്ട്.

**<u>ഇറിഗേഷൻ സബ് ഡിവിഷൻ ചങ്ങനാശ്ശേരി</u>**

ചങ്ങനാശ്ശേരി താലൂക്കിൽ ചങ്ങനാശ്ശേരി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പ്രവൃത്തികൾ, തോടുകളുടെ സംരക്ഷണം, പുഴയുടെ സുഗമമായ ഒഴുക്ക്, തടയണകളുടെ നിർമ്മാണം തടസ്സപ്പെടാതിരിക്കാനും വെള്ളപ്പൊക്കം ഒഴിവാക്കാനും പുഴകളിലും തോടുകളിലും

അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും പോളയും നീക്കം ചെയ്യുക എന്നിവയാണ് ഈ സബ്ഡിവിഷനു കീഴിൽ 3 സെക്ഷനുകളും 1 കനാൽ ഓഫീസുമാണ് പ്രവൃത്തിച്ചു വരുന്നത്.

## ഇറിഗേഷൻ സബ് ഡിവിഷൻ, തൊടുപുഴ

ഇടുക്കി ജില്ലയിൽ തൊടുപുഴ ഇറിഗേഷൻ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പുഴകളുടെ സംരക്ഷണം, കൃഷിക്ക് ആവശ്യമായ ജലം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (തടയണ, റെഗുലേറ്റർ, വി.സി.ബി) പുഴയുടെ സുഗമമായ ഒഴുക്ക് തടസ്സപ്പെടാതിരിക്കുവാനും വെള്ളപ്പൊക്കം ഒഴിവാക്കാനും പുഴയിൽ അടിഞ്ഞു കൂടിയ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ തുടങ്ങിയവ . ഈ സബ് ഡിവിഷൻറെ കീഴിൽ 3 സെക്ഷൻ കാര്യാലയങ്ങളാണ് ഉള്ളത്.

## ഇറിഗേഷൻ സബ് ഡിവിഷൻ കടുത്തുരുത്തി

കോട്ടയം ജില്ലയിൽ കടുത്തുരുത്തി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പുഴകളുടെ സംരക്ഷണം, വെള്ളപ്പൊക്കം ഒഴിവാക്കാനും പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും പോളയും നീക്കം ചെയ്യുക എന്നിവയാണ്. ഈ സബ്ഡിവിഷനു കീഴിൽ 3 സെക്ഷനുകളും 1 കനാൽ ഓഫീസുമാണ് പ്രവൃത്തിച്ചു വരുന്നത്

## ഇറിഗേഷൻ സെൻട്രൽ സർക്കിൾ തൃശൂർ

എറണാകുളം, തൃശ്ശൂർ, ഭാഗികമായി മലപ്പുറം ജില്ലകളിലെ ജലസേചന പ്രവൃത്തികൾ ഈ സർക്കിൾ കാര്യാലയത്തിനു കീഴിൽ കൈകാര്യം ചെയ്തു വരുന്നു. തൃശ്ശൂർ ജില്ലയിലെ പ്രധാന ജലസേചന പദ്ധതികളായ പീച്ചി, വാഴാനി, ചിമ്മിനി, ചീരക്കുഴി എന്നിവയുടെ പ്രവർത്തനങ്ങളും അനുബന്ധ കനാലുകളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങളും കോൾ നിലങ്ങൾ ഉൾപ്പെടെ ജലവിതരണവും, പുഴയ്ക്കു കുറുകെ ചിറകൾ കെട്ടിയും സ്ഥിരമായ റെഗുലേറ്ററി സ്ട്രക്ചറുകൾ മുഖേന അതാതു പ്രദേശങ്ങളിലെ ജലസേചന കുടിവെള്ള ആവശ്യങ്ങൾ നിർവ്വഹിക്കാനും, റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനങ്ങൾ, ചെക്ക് ഡാം നിർമ്മാണം, കടൽതീര സംരക്ഷണ പ്രവർത്തികൾ, ബണ്ട് റോഡുകളുടെ

നിർമ്മാണം, താൽക്കാലിക ബണ്ട് നിർമ്മാണം, നദീതീര സംരക്ഷണ പ്രവർത്തികൾ വെള്ളപ്പൊക്കക്കെടുതി പ്രവർത്തികൾ, ടൂറിസം വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ, ഭാഗികമായി ഉൾനാടൻ ജലഗതാഗതത്തിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ, കരുവന്നൂർ, പുഴയ്ക്കൽ, കേച്ചേരി, ചാലക്കുടി എന്നീ പുഴകളുടെ ഡിസിൽറ്റേഷൻ പ്രവൃത്തികളും ഈ കാര്യാലയത്തിന് കീഴിൽ നിർവ്വഹിച്ചു വരുന്നു. ദേശീയ ഹരിത ട്രൈബ്യൂണലിൻറെ ഭാഗമായി കേരളത്തിൻറെ മദ്ധ്യമേഖല പ്രദേശങ്ങളിലെ പുഴകളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ ചെയർപേഴ്സൺ ചുമതലയും ഈ കാര്യാലയത്തിൽ നിക്ഷിപ്തമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയ്ക്കു മുകളിൽ സാങ്കേതികാനുമതി നൽകേണ്ട എല്ലാ പ്രവർത്തികളുടേയും ദർഘാസ് ക്ഷണിക്കുന്നതും കരാറുടമ്പടിയിൽ ഏർപ്പെടുന്നതും ഈ കാര്യാലയത്തിൽ നിന്നുമാണ്

തൃശ്ശൂർ ജലസേചന മദ്ധ്യമേഖല കാര്യാലയ തലവനായി സൂപ്രണ്ടിംഗ് എഞ്ചിനീയറും, ഡിവിഷനുകളിൽ തലവൻമാരായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുംസബ് , ഡിവിഷനുകളിൽ,തലവൻമാരായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സെക്ഷൻ ഓഫീസുകളുടെ തലവൻമാരായി അസിസ്റ്റൻറ് എഞ്ചിനീയർമാരും മേൽനോട്ടം വഹിച്ചു വരുന്നു. ഈ സർക്കിളിനു കീഴിൽ 4 ഡിവിഷനുകളും, 12 സബ് ഡിവിഷനുകളും, 31 സെക്ഷനുകളും പ്രവർത്തിച്ചു വരുന്നു

## ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ

തൃശ്ശൂർ ജില്ലയിലെ പ്രധാന ജലസേചന പദ്ധതികളായ പീച്ചി, വാഴാനി, ചിമ്മിനി, ചീരക്കുഴി എന്നിവയുടെ പ്രവർത്തനങ്ങളും, അനുബന്ധ കനാലുകളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങളും, പുഴക്കു കുറുകെ ചിറകൾ കെട്ടിയും, സ്ഥിരമായ റെഗുലേറ്ററി സ്ട്രക്ചറുകൾ മുഖേന അതാതു പ്രദേശങ്ങളിലെ ജലസേചന കുടിവെള്ള ആവശ്യങ്ങൾ നിർവ്വഹിക്കുകയും, ബണ്ടുകളുടെ നിർമ്മാണപുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികളും, കാർഷികാവശ്യത്തിനായി കോൾ ചാലുകൾ മുഖേന കോൾ നിലങ്ങളിലേക്ക് വെള്ളം എത്തിക്കുന്ന പ്രവൃത്തികളും കരുവന്നൂർ പുഴയുടെ ഡിസിൽറ്റേഷൻ പ്രവൃത്തികളും തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിനു കീഴിൽ നടപ്പിലാക്കിവരുന്നു. കോൾ നിലങ്ങളിൽ

ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയുന്നതിനായി നിർമ്മിച്ചിരിക്കുന്ന 13 റെഗുലേറ്ററുകളുടേയും 38 താല്ക്കാലിക ബണ്ടുകളുടേയും ഒരു അക്വാഡക്ടിന്റേയും നിയന്ത്രണം ഏറ്റെടുത്ത് നടത്തുന്നുണ്ട്.

**ഇറിഗേഷൻ ഡിവിഷൻ , എറണാകുളം**

എറണാകുളം ജില്ലയിലെ കണക്കൻ കടവ് റെഗുലേററർ, മഞ്ഞുമ്മൽ റെഗുലേറ്റർ, പുറപ്പിള്ളിക്കാവ് റെഗുലേറ്റർ കം ബ്രിഡ്ജ്, പാതാളം റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ നിയന്ത്രണവും 45.309 കിലോമീറ്റർ ദൂരം വരുന്ന തീരപ്രദേശത്തെ കടൽ ഭിത്തി നിർമ്മാണവും, പുനരുദ്ധാരണ പ്രവർത്തനവും നദീതീര സംരക്ഷണ പ്രവർത്തനവും യാത്രബോട്ടുകൾ അടുപ്പിക്കുന്നതിനും ജനങ്ങളുടെ യാത്ര സുഗമമാക്കുന്നതിനുള്ള ജെട്ടികൾ നിർമ്മാണവും, കനാലുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും, പെരിയാർ നദിയുടെ ഡിസിൽറ്റേഷൻ പ്രവൃത്തികളും, ചെക്ക് ഡാം പദ്ധതികളും, റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവർത്തികളും, ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഭാഗമായി പുഴകളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവൃത്തികളും എറണാകുളം ഇറിഗേഷൻ ഡിവിഷൻ കാര്യാലയം വഴി ചെയ്ത് വരുന്നു.

**അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ**

തൃശ്ശൂർ ജില്ലയിലെ ചെക്ക് ഡാം നിർമ്മാണ പ്രവൃത്തികളും 61.038 കിലോമീറ്റർ ദൂരം വരുന്ന തീരപ്രദേശത്തെ കടൽ ഭിത്തി നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തനവും പുഴയോര സംരക്ഷണ പ്രവർത്തനങ്ങളും ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഭാഗമായി പുഴകളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് പ്രവൃത്തികളും പുഴയ്ക്കൽ പുഴയുടെ ഡിസിൽറ്റേഷൻ പ്രവൃത്തികളും ഈ കാര്യാലയത്തിനു കീഴിൽ നടന്നു വരുന്നു.

**ചമ്രവട്ടം പ്രോജക്ട് ഡിവിഷൻ, ഈശ്വരമംഗലം**

ഭാരതപ്പുഴയ്ക്കു കുറുകെ മലപ്പുറം ജില്ലയിൽ പൊന്നാനി-തിരൂർ മിനിസിപ്പാലിറ്റികളെ ബന്ധിപ്പിക്കുന്നചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവും, പാലക്കാട് ജില്ലയിലെ തൃത്താല-പരുതൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വെള്ളിയാംകല്ല് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പരിപാലനവും, മററു നിയന്ത്രണവുമാണ് ചമ്രവട്ടം പ്രോജക്ട് ഡിവിഷൻ ചെയ്ത് വരുന്നത്.

## ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോട്

മലബാർ പ്രദേശങ്ങളിലെ പുഴകളുടെ കരസംരക്ഷണം/ജലസംരക്ഷണ പ്രവൃത്തികളുടേയും കടലാക്രമണ പ്രതിരോധപ്രവൃത്തികളുടേയും മേൽനോട്ടം വഹിക്കുന്ന ജലസേചന വകുപ്പിലെ ഒരു വിഭാഗമാണ് കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾകാര്യാലയം. കൂടാതെ ടൂറിസം വികസനത്തിനായുള്ള ഇറിഗേഷൻ പ്രവൃത്തികളുടെ നിർമ്മാണ ചുമതലയും ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഭാഗമായി മലബാർ പ്രദേശങ്ങളിലെ പുഴകളെ മാലിന്യവിമുക്തമാക്കുന്നതിനായി രൂപീകരിച്ച ജില്ലാതല ടെക്നിക്കൽകമ്മിറ്റിയുടെ ചെയർപേഴ്സണ ചുമതലയും ഈ കാര്യാലയത്തിൽ നിക്ഷിപ്തമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാരപരിധിക്ക് മുകളിൽ സാങ്കേതികാനുമതി നല്കേണ്ട എല്ലാ പ്രവൃത്തികളുടേയും ദർഘാസ് ക്ഷണിക്കുന്നതും കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതും ഈ കാര്യാലയത്തിൽനിന്നുമാണ്.

കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ തലവനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഡിവിഷനുകളിൽ തലവൻമാരായി എക്സിക്യൂട്ടീവ് എഞ്ചനീയർമാരും, സബ്ഡിവിഷനുകളിൽ തലവൻമാരായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്മാരും, സെക്ഷൻ ഓഫീസുകളിലെ തലവൻമാരായി അസിസ്റ്റന്റ് എഞ്ചിനീയർമാരും മേൽനോട്ടം വഹിച്ചുവരുന്നു. ഈ സർക്കിളിന്റെ കീഴിൽ 4 ഡിവിഷനുകളും 11 സബ് ഡിവിഷനുകളും 33 സെക്ഷനുകളുമാണ് പ്രവർത്തിച്ചുവരുന്നത്.

## ഇറിഗേഷൻ ഡിവിഷൻ കോഴിക്കോട്

വടക്ക് മാഹി മുതൽ തെക്ക് കടലുണ്ടി വരെയുള്ള 76.282 കി.മീ. ദൂരം വരുന്ന തീരപ്രദേശത്തെ നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നത് ഈ കാര്യാലയത്തിന്റെ പരിധിയിൽ നിന്നുമാണ്. കൂടാതെ ജില്ലയിലെ ഉൾനാടൻ ഗതാഗത ത്തിനായുള്ള കനോലി കനാൽ പ്രവൃത്തികളുടെ ചുമതലയും ഈ കാര്യാലയത്തിൽ നിന്നാണ് നിർവഹിച്ച് പോരുന്നത്. കടൽഭിത്തിക്കു പുറമെ പുഴകളുടെ ഭിത്തി സംരക്ഷണം, ടൂറിസം വികസനത്തിനായുള്ള ഇറിഗേഷൻ പ്രവൃത്തികൾഎന്നിവയുടെ നിർമ്മാണ ചുമതല കൂടി ഈ ഓഫീസ് നിർവഹിക്കുന്നുണ്ട്.

കോഴിക്കോട് ഇറിഗേഷന് ഡിവിഷന് തലവനായി എക്സിക്യൂട്ടീവ് എഞ്ചനീയറും സബ്ഡിവിഷനുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരും മേൽനോട്ടം വഹിച്ചുവരുന്നു. ഈ ഡിവിഷന്റെ കീഴിൽ മൂന്ന് സബ്ഡിവിഷനുകളും 9 സെക്ഷനുകളുമാണ് പ്രവർത്തിച്ചു വരുന്നത്. ഓരോ സബ്ഡിവിഷനിലും മൂന്ന് വീതം സെക്ഷനുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

**ഇറിഗേഷൻ ഡിവിഷൻ മലപ്പുറം**

തീരപ്രദേശത്തെ നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടവും കടൽഭിത്തിക്കു പുറമെ പുഴകളുടെ ഭിത്തി സംരക്ഷണം, എന്നീ പ്രവൃത്തികൾ വഹിക്കുന്നത് ഈ കാര്യാലയത്തിൽ നിന്നുമാണ്. ഈ ഡിവിഷനു കീഴിൽ 4 സബ് ഡിവിഷനുകളും 12 സെക്ഷനുകളും പ്രവർത്തിച്ചു വരുന്നു.

**ഇറിഗേഷൻ ഡിവിഷൻ തലശ്ശേരി**

കണ്ണൂർ ജില്ലയിൽ തലശ്ശേരി ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പുഴകളുടെ സംരക്ഷണ ഭിത്തികളുടെ നിർമ്മാണവും അറ്റകുറ്റ പണികളും, ഡീസിൽട്ടേഷൻ പ്രവൃത്തികളും ,കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ കടൽ ഭിത്തികളുടെനിർമ്മാണവും അറ്റകുറ്റ പണികളും, തടയണ നിർമ്മാണം , കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ. ഈ ഡിവിഷനു കീഴിൽ 2 സബ് ഡിവിഷനുകളും 6 സെക്ഷനുകളും പ്രവർത്തിച്ചു വരുന്നു.

**ഇറിഗേഷൻ ഡിവിഷൻ കാസറഗോഡ്**

കാസറഗോഡ് ജില്ലയിൽ കാസറഗോഡ് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പുഴകളുടെ സംരക്ഷണം കടലാക്രമണം തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ (ടെട്രാപ്പോർഡ് കടൽ ഭിത്തി, ജിയോബാഗ് എന്നിവയുടെ നിർമ്മാണം ,കൃഷിക്കാവശ്യമായ ജലം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ( തടയണ, റെഗുലേറ്റർ, VCB)). വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും, പുഴയുടെ സുഗമമായ ഒഴുക്ക് തടസ്സപ്പെടാതിരിക്കാനും , പുഴയിൽ അടിഞ്ഞു കൂടിയ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവർത്തികൾ, കോൺട്രാക്ടർമാരുടെ ലൈസൻസ് അനുവദിക്കൽ/റദ്ദുചെയ്യൽ തുടങ്ങിയവ. ഈ ഡിവിഷനു കീഴിൽ 2 സബ് ഡിവിഷനുകളും 6 സെക്ഷനുകളും പ്രവർത്തിച്ചു വരുന്നു.

**മൈനർ ഇറിഗേഷൻ സർക്കിൾ തിരുവനന്തപുരം**

കേരളത്തിന്റെ തെക്കൻ ജില്ലകളായ തിരുവനന്തപുരം കോട്ടയം ,പത്തനംതിട്ട ,കൊല്ലം , പ്രദേശങ്ങളിലെ തോടുകൾ കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ ,സംരക്ഷണ പ്രവൃത്തികൾക്ക് മേൽനോട്ടംവഹിക്കുന്ന ജലസേചന വകുപ്പിലെ ഒരു വിഭാഗമാണ് തിരുവനന്തപുരം മൈനർ ഇറിഗേഷൻ സൗത്ത് സർക്കിൾ കാര്യാലയം കൂടാതെ .ചെറുകിട

ജലസേചന പദ്ധതികളുടെ കേടുപാടുകൾ പരിഹരിക്കൽ ചെക്ക് ഡാമുകളുടെ , നിർമ്മാണവും, അറ്റകുറ്റപണികളും, തോടുകൾക്ക് കുറുകെയുള്ള നിർമ്മാണ പ്രവൃത്തികൾ, പാർശ്വസംരക്ഷണം എന്നിവയ്ക്ക് No Objection Certificate നൽകുക,കരാറുകാർക്ക് , ലൈസൻസ് നൽകൽ എന്നിവയുംഈ കാര്യാലയത്തിൽ നിക്ഷിപ്തമാണ് എക്സിക്യൂട്ടീവ് . എഞ്ചിനീയറുടെ അധികാരപരിധിക്ക് മുകളിൽ സാങ്കേതികാനുമതി നല്കേണ്ട എല്ലാ പ്രവൃത്തികളുടേയും ദർഘാസ് ക്ഷണിക്കുന്നതും കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതും ഈ കാര്യാലയത്തിൽനിന്നുമാണ്.

തിരുവനന്തപുരം മൈനർ ഇറിഗേഷൻ സർക്കിൾ തലവനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ , ഡിവിഷനുകളിൽ തലവൻമാരായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, സബ് ഡിവിഷനുകളിൽ തലവൻമാരായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, സെക്ഷൻ തലവൻമാരായി അസിസ്റ്റന്റ് എഞ്ചിനീയർമാരും മേൽനോട്ടം വഗിച്ചു വരുന്നു
ഈ സർക്കിളിനു കീഴിൽ, 4 ഡിവിഷനുകളും, 11 സബ് ഡിവിഷനുകളും 34 സെക്ഷനുകളുമുണ്ട്.

**മൈനർ ഇറിഗേഷൻ ഡിവിഷൻതിരുവനന്തപുരം,**

ഉപകാര്യാലയങ്ങൾ

1. .മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ തിരുവനന്തപുരം

മൈനർ ഇറിഗേഷൻ സെക്ഷൻ തിരുവനന്തപുരം -
മൈനർ ഇറിഗേഷൻ സെക്ഷൻ നെടുമങ്ങാട് -
മൈനർ ഇറിഗേഷൻ സെക്ഷൻ കഴക്കൂട്ടം -
2മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ ആറ്റിങ്ങൽ

മൈനർ ഇറിഗേഷൻ സെക്ഷൻ കിളിമാനൂർ
മൈനർ ഇറിഗേഷൻ സെക്ഷൻ വർക്കല -
ആറ്റിങ്ങൽ മൈനർ ഇറിഗേഷൻ സെക്ഷൻ -
.3മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ നെയ്യാറ്റിൻകര
മൈനർ ഇറിഗേഷൻ സെക്ഷൻ നെയ്യാറ്റിൻകര -
മൈനർ ഇറിഗേഷൻ സെക്ഷൻ പാറശ്ശാല -
മൈനർ ഇറിഗേഷൻ സെക്ഷൻ കാട്ടാക്കട -
മൈനർ ഇറിഗേഷൻ സെക്ഷൻ ബാലരാമപുരം -

**പ്രവർത്തനങ്ങൾ**

- ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം
- ചെറുകിട ജലസേചന പദ്ധതിയുടെ കേടുപാടുകൾ പരിഹരിക്കൽ
- ചെക്കുഡാമുകളുടെ നിർമ്മാണവും അറ്റകുറ്റപണികളും

- പദ്ധതി സംരക്ഷണം
- വെള്ളപ്പൊക്ക കെടുതികൾ
- നബാർഡി ൻറ സഹായത്തോടുകൂടി M I Class I ,M I Class II പദ്ധതികൾ
- ഹരിതകേരളം M I Class I ,M I Class II പദ്ധതികൾ

**സേവനങ്ങൾ**

- കോൺട്രാക്ടർമാർക്ക് ലൈസൻസ് നൽകൽ (ഡി,സി)
- തോടുകളുടെ കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണങ്ങൾപാർശ്വ സംരക്ഷണം , എന്നിവയുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്( NOC)

**മൈനർ ഇറിഗേഷൻ ഡിവിഷൻ കൊല്ലം**

കൊല്ലം ജില്ലയിൽ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പുഴകളുടെ സംരക്ഷണം സംരക്ഷണ ഭിത്തികളുടെ നിർമ്മാണവും അറ്റകുറ്റ പണികളും, ഡീസിൽട്ടേഷൻ പ്രവൃത്തികളും, തടയണ നിർമ്മാണം, കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ മുതലായവ . ഈ ഡിവിഷനു കീഴിൽ 2 സബ് ഡിവിഷനുകളും, 9 സെക്ഷനുകളും പ്രവർത്തിച്ചു വരുന്നു

**മൈനർ ഇറിഗേഷൻ ഡിവിഷൻ , പത്തനംതിട്ട**

*സുസ്ഥിരമായ കാർഷിക വികസനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും സൗകര്യം ഒരുക്കുന്ന രീതിയിൽ പ്രദേശങ്ങളിലെ ജലസേചന സൗകര്യ മെച്ചപ്പെടുത്തുക.
* ഈ കാര്യാലയത്തിനു കീഴിലുള്ള പ്രദേശങ്ങളിലെ നീർത്തടാധിഷ്ഠിത

വികസനപദ്ധതികളുടെ ഏകോപനം

* തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ ,

വെള്ളപ്പൊക്ക ലഘൂകരണ പ്രവൃത്തികൾ തുടങ്ങിയ ജനക്ഷേമപ്രവർത്തനങ്ങൾ.

* സിവിൽ മെക്കാനിക്കൽ പ്രവർത്തികളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ ,

മുതൽ പ്രവർത്തി പൂർത്തിയാക്കുന്നതുവരെയുള്ള മേൽനോട്ടവും ഏകോപനവും.

* ഒരു ഡിവിഷൻ ഓഫീസിൻറെ ചുമതലയിലുള്ള സാങ്കേതികവും ഭരണപരവുമായ ജോലികൾ അധികാര പരിധിയിലുള്ള ജീവനക്കാരെ ഉപയോഗിച്ച് വേഗത്തിലും കൃത്യതയോടും കൂടി നിർവ്വഹിക്കൽ:- പ്രവർത്തികളുടെ ഫയലുകളുടെ പരിപാലനവും

അക്കൗണ്ടുകളുടെ സൂക്ഷിക്കലും ഈ കാര്യാലയത്തിൽ നടന്നു വരുന്നുഈ . കാര്യാലയത്തിനു കീഴിൽ 4 സബ് ഡിവിഷനുകളും 9 സെക്ഷനുകളും ഉണ്ട്.

## മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ പത്തനംതിട്ട

സുസ്ഥിരമായ കാർഷിക വികസനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും സൗകര്യം ഒരുക്കുന്ന രീതിയിൽ പ്രദേശങ്ങളിലെ ജലസേചന സൗകര്യ മെച്ചപ്പെടുത്തുക.

* ഈ കാര്യാലയത്തിനു കീഴിലുള്ള പ്രദേശങ്ങളിലെ നീർത്തടാധിഷ്ഠിത

വികസനപദ്ധതികളുടെ ഏകോപനം

*തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ,

വെള്ളപ്പൊക്ക ലഘൂകരണ പ്രവൃത്തികൾ തുടങ്ങിയ ജനക്ഷേമ പ്രവൃത്തികൾ.

*സിവിൽ ,ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തികളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ മുതൽ പ്രവർത്തി പൂർത്തിയാക്കുന്നതുവരെയുള്ള മേൽനോട്ടവും ഏകോപനവും.

*ഒരു സബ് ഡിവിഷൻ ഓഫീസിന്റെ ചുമതലയിലുള്ള സാങ്കേതികവും ഭരണപരവുമായ ജോലികൾ അധികാര പരിധിയിലുള്ള ജീവനക്കാരെ ഉപയോഗിച്ച് വേഗത്തിലും കൃത്യതയോടും കൂടി നിർവ്വഹിക്കൽ:- പ്രവർത്തികളുടെ ഫയലുകളുടെ പരിപാലനവും അക്കൗണ്ടുകളുടെ സൂക്ഷിക്കലും ഈ കാര്യാലയത്തിൽ നടന്നു വരുന്നു .

## മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അടൂർ

സുസ്ഥിരമായ കാർഷിക വികസനത്തിനും ഭക്ഷ്യസുരക്ഷയ്ക്കുംസൗകര്യം ഒരുക്കുന്ന രീതിയൽ പ്രദേശങ്ങളിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുക .നീർത്തടാഷ്ഠിത വികസന പദ്ധതികളുടെ ഏകോപനം.

## മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ആറൻമുള

*തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ ,

.വെള്ളപ്പൊക്ക ലഘൂകരണ പ്രവൃത്തികൾ തുടങ്ങിയ ജനക്ഷേമപ്രവർത്തനങ്ങൾ

*സിവിൽ ,ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തികളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽമുതൽ പ്രവർത്തി പൂർത്തിയാക്കുന്നതുവരെയുള്ള മേൽനോട്ടവും ഏകോപനവും.

*ഒരു സബ് ഡിവിഷൻ ഓഫീസിൻറെ ചുമതലയിലുള്ള സാങ്കേതികവും ഭരണപരവുമായ ജോലികൾ അധികാര പരിധിയിലുള്ള ജീവനക്കാരെ ഉപയോഗിച്ച് വേഗത്തിലും

കൃത്യതയോടും കൂടി നിർവ്വഹിക്കൽ:- പ്രവർത്തികളുടെ ഫയലുകളുടെ പരിപാലനവും അക്കൗണ്ടുകളുടെ സൂക്ഷിക്കലും ഈ കാര്യാലയത്തിൽനടന്നു വരുന്നു .

## മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ തിരുവല്ല

*സിവിൽ ,ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തികളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽമുതൽ പ്രവർത്തി പൂർത്തിയാക്കുന്നതുവരെയുള്ള മേൽനോട്ടവും ഏകോപനവും.

*ഒരു സബ് ഡിവിഷൻ ഓഫീസിൻറെ ചുമതലയിലുള്ള സാങ്കേതികവും ഭരണപരവുമായ ജോലികൾ അധികാര പരിധിയിലുള്ള ജീവനക്കാരെ ഉപയോഗിച്ച് വേഗത്തിലും കൃത്യതയോടും കൂടി നിർവ്വഹിക്കൽ:- പ്രവർത്തികളുടെ ഫയലുകളുടെ പരിപാലനവും അക്കൗണ്ടുകളുടെ സൂക്ഷിക്കലും ഈ കാര്യാലയത്തിൽ നടന്നു വരുന്നു .

## മൈനർ ഇറിഗേഷൻ ഡിവിഷൻ ,കോട്ടയം

കോട്ടയം ജില്ലയിൽ ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന തോടുകളുടേയും കുളങ്ങളുടെയും സംരക്ഷണം (സംരക്ഷണ ഭിത്തികളുടെ നിർമ്മാണവും അറ്റകുറ്റ പണികളും) തടയണ നിർമ്മാണം, കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ മുതലായവ. ഈ ഡിവിഷനു കീഴിൽ 2 സബ്ഡിവിഷനുകളും 6 സെക്ഷനുകളും പ്രവർത്തിച്ചു വരുന്നു

## മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ എറണാകുളം

എറണാകുളം, ഇടുക്കി, തൃശ്ശൂർ,പാലക്കാട് ജില്ലകളിലെ ഈ കാര്യാലയത്തിന്റെ അധികാര പരിധിയിൽ വരുന്ന നിയോജക മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും അനുബന്ധ കനാലുകളുടെയും പരിപാലനവും സംരക്ഷണവും അറ്റകുറ്റപ്പണികളും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

## മൈനർ ഇറിഗേഷൻ നോർത്ത് സർക്കിൾ കോഴിക്കോട്

സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെറുകിട ജലസേചനം കോഴിക്കോടിന് കീഴിലായി

കാസറഗോഡ്, കണ്ണൂർ, വയനാട്,കോഴിക്കോട്, മലപ്പുറം ജില്ലകളിലായി 5 എക്സികൃൂട്ടീവ്

എഞ്ചിനീയർമാരുടെ കാര്യാലയവും, അതിനു കീഴിലായി 14 അസി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയവും42 അസി എഞ്ചിനീയർമാരുടെ കാര്യാലയവും ഉണ്ട്.

കൃഷിയ്ക്കും ജലസേചനത്തിനും വേണ്ടിയുള്ള തടയണ നിർമ്മാണം,കുളം നവീകരണം,ഉപ്പു വെള്ള പ്രതിരോധ അണക്കെട്ടുകൾ, എന്നിവയുടെ നിർമ്മാണവും, പരിപാലനവും, വെള്ളപ്പൊക്കം, വരൾച്ചക്കെടുതികള് ൾ എന്നിവ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ജലസേചന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നു. നീർത്തടാധിഷ്ഠിത മണ്ണ് പരിപാലനം, ശാസ്ത്രീയ ജലസേചന രീതികൾ അവലംബിക്കൽ, ജലസ്രോതസ്സുകളുടെ സംരക്ഷണം, വിനിയോഗം, പരിപാലനം, എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു. നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ശാസ്ത്രീയമായ ജലസേചന മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുക.

ചീഫ് എഞ്ചിനീയർ

(പൂർണ്ണ അധിക ചുമതല)